സ്പീഡ് പോസ്റ്റ് / പി.ഒ.ഡി സഹിതം

**ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

ഹാജർ: ഡോ സുമി ചെറിയാൻ KAS

ക്ഷീരവികസന വകുപ്പ് - ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവരും സബോഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തിക മാറ്റം വഴി അതത് വകുപ്പുകളിലെ ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ **10** ശതമാനം ഒഴിവുകളിൽ യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

DDDKER/3866/2022-E2 തിരുവനന്തപുരം:10-08-2026

പരാമർശം- 1. സ.ഉ.(പി)നം.**1/2014**/ഉ.ഭ.പ.വ തീയതി **03.01.2014**

2.സ.ഉ.(പി)നം.**21/2014**/ഉ.ഭ.പ.വ തീയതി **19.07.2014**

3.സ.ഉ.(പി)നം.**16/2015**/ഉ.ഭ.പ.വ തീയതി **28.05.2015**

**4.**ക്ഷീരവികസന വകുപ്പ് എറണാകുളം ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ **07.04.26, 21.05.26 22.06.26** തീയതികളിലെ DDEKM/155/2026-SC2 നമ്പർ കത്ത്

**5.**ക്ഷീരവികസന വകുപ്പ് ഇടുക്കി ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ **08.04.26,17.06.26**ലെ DDIDK/192/2026-CA നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ വകുപ്പുകളിലെ ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പത്ത് ശതമാനം അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഉൾപ്പെടെ - ക്ലാർക്ക് / എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന സ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നതിന് പരാമർശം **(1),(2)&(3)** പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർ ശം **(4), (5)** പ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ നിലവിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിലെ **94, 99** എന്നീ ക്രമ നമ്പരുകളിൽ യഥാക്രമം എറണാകുളം ജില്ല ആലുവ ക്ഷീരവികസന യൂണിറ്റിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി മഞ്ജു പി.ബി, ഇടുക്കി ജില്ല മൂന്നാർ ക്ഷീരവികസന യൂണിറ്റിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി സിജി

ചാക്കോ എന്നീ രണ്ടു ജീവനക്കാർക്ക് സർവ്വീസ് സീനിയോറിറ്റിപ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത ഉള്ളതിനാൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം വഴി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ ചുവടെ ചേർക്കും പ്രകാരമുള്ള രണ്ടു ജീവനക്കാർ ക്ക് ബൈ ട്രാൻസ്ഫർ മുഖേന ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു.

<u>ബൈ ട്രാൻസ്ഫർ മുഖേന ക്ലാർക്ക് തസ്തികയിൽ നിയമനം</u>

<u>(26500-60700 രൂപ ശമ്പള സ്കെയിലിൽ)</u>

| ക്രമ. നം | ജീവനക്കാരന്റെ പേര്. തസ്തിക | നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ബൈ ട്രാൻസ്ഫർ മുഖേന ക്ലാർക്കായി നിയമിക്കുന്ന കാര്യാലയം | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീമതി മഞ്ജു പി.ബി | ഓഫീസ് അറ്റൻഡന്റ് ആലുവ, ക്ഷീരവികസന യൂണിറ്റ് എറണാകുളം | വൈക്കം ക്ഷീരവികസന യൂണിറ്റ് കോട്ടയം | എറണാകുളം ജില്ല അങ്കമാലി ക്ഷീരവികസന യൂണിറ്റിലെ ക്ലാർക്ക് ശ്രീ ജോയി എ സി (28.02.2026) -ൽ വിരമിച്ചു വഴി നിലവിൽ വന്ന ഒഴിവിലേക്ക് ശ്രീ പി വി ഗിരീഷ് കുമാർ - ക്ലാർക്കിന് സ്ഥലം നൽകിയത് പ്രകാരം കോട്ടയം ജില്ലയിലെ വൈക്കം ക്ഷീരവികസന യൂണിറ്റിൽ വന്നിട്ടുള്ള ഒഴിവിൽ |
| 2 | ശ്രീമതി സിജി ചാക്കോ | ഓഫീസ് അറ്റൻഡന്റ് മൂന്നാർ, ക്ഷീരവികസന യൂണിറ്റ് ഇടുക്കി | കൊണ്ടോട്ടി ക്ഷീരവികസന യൂണിറ്റ് മലപ്പുറം | ശ്രീ ഉമർ എ, സീനിയർ ക്ലാർക്ക് (31.01.2026) -ൽ വിരമിച്ചു വഴി നിലവിൽ വന്ന ഒഴിവിൽ. |

ടി ജീവനക്കാർ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം യഥാക്രമം കോട്ടയം ജില്ല വൈക്കം

ക്ഷീരവികസന ഓഫീസർ, മലപ്പുറം ജില്ല കൊണ്ടോട്ടി ക്ഷീരവികസന ഓഫീസർ എന്നിവർ മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം മുന്നറിയിപ്പ് കൂടാതെ ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതും സീനിയോറിറ്റി ലിസ്റ്റിലെ യോഗ്യതയുള്ള അടുത്ത ആളിന് സ്ഥാനക്കയറ്റം നൽകുന്നതുമായിരിക്കും.

ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും നിലവിലെ നിയന്ത്രണാധികാരിയുടെ വിടുതൽ ഉത്തരവും ഹാജരാക്കേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം നിയമാനുസൃതം നിരീക്ഷണത്തിലായിരിക്കും.

ടി ജീവനക്കാർക്ക് ലഭിച്ച സ്ഥാനക്കയറ്റം നിർദ്ദിഷ്ട തീയതിക്കുള്ളിൽ പരിത്യാഗം(Relinquish) ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

Digitally signed by
Sumi Cherian
Date: 10-08-2026
14:05:57

ഡോ സുമി ചെറിയാൻ KAS

(പെൻ:636653)

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
മേലധികാരി മുഖേന

പകർപ്പ്-

1. ഡയറക്ടറുടെ മേശപ്പുറത്ത്
2. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
3. ഡെപ്യൂട്ടി ഡയറക്ടർ- ഇടുക്കി / എറണാകുളം / കോട്ടയം / മലപ്പുറം-ടി ജീവനക്കാരെ വിടുതൽ ചെയ്യുതും ജോലിയിൽ പ്രവേശിച്ചതുമായ വിവരം യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.
4. ക്ഷീരവികസന ഓഫീസർ- ആലുവ / മൂന്നാർ / വൈക്കം / കൊണ്ടോട്ടി
5. ഡി.എഫ്.ഐ - ഐ.റ്റി.സെൽ